# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 507 02/12/2014- ലെ മറുപടിക്ക്

### വാണിജ്യ നികുതി വകുപ്പിന്റെ ആംനസ്റ്റി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| എ | വാണിജ്യ നികുതി വകുപ്പ് ആനംസ്റ്റി പദ്ധതി നടപ്പാക്കിയത് എപ്പോൾ മുതലാണ്; | എ | കേരള പൊതുവിൽപ്പന നികുതി നിയമപ്രകാരം 2004-05 സാമ്പത്തിക വർഷം വരെയുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിനു വേണ്ടി 2013-ൽ ഒരു പുതിയ ആംനസ്റ്റിപദ്ധതി ആവിഷ്ക്കരിച്ചി രുന്നു. ഇതിന്റെ കാലാവധി 31.12.2013 വരെയായിരുന്നു. എന്നാൽ മൂല്യവർദ്ധിത നികുതി വരുന്നതിന് മുമ്പുള്ള കുടിശ്ശികകൾ തീർക്കുന്ന തിനുള്ള പദ്ധതിയായതി നാലും, വിവിധ മേഖലകളിൽ നിന്നുള്ള ആവശ്യം പരിഗണിച്ചും ഈ പദ്ധതിയുടെ കാലാവധി ഓഗസ്റ്റ് 31, 2014 വരെ ദീർഘിപ്പിച്ചു. ഈ തീയതിയ്ക്കുള്ളിൽ ഓപ്ഷൻ നൽകിയവർക്ക് കുടിശ്ശിക ഒടുക്കേണ്ട അവസാന തീയതി 31.12.2014 ആണ്.<br>ഇതുകൂടാതെ, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വേണ്ടി 2008-ൽ പ്രാബല്യത്തിൽ ഉണ്ടായിരുന്ന ആംനസ്റ്റി പദ്ധതി, അതേ വ്യവസ്ഥകൾക്ക് വിധേയമായി കേരള ധനകാര്യ നിയമം 2014 പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. ഇതിന് ഓപ്ഷൻ നൽകുന്നതിനുള്ള അവസാന തീയതി ജൂലൈ 31, 2014 വരെയായിരുന്നു. കുടിശ്ശിക അടച്ചു തീർക്കാനുള്ള തീയതി ഡിസംബർ 31, 2014 ആണ്. കാർഷികാദായ നികുതിക്കും 2008ൽ നിലവിലുണ്ടായി രുന്ന കാർഷികാദായ നികുതി ആംനസ്റ്റി വ്യവസ്ഥകൾക്ക് വിധേയമായി നടപ്പിലാക്കുന്നതിനും കേരള ധനകാര്യ നിയമം 2014 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഓപ്ഷൻ നൽകുന്നതിനുള്ള അവസാന തീയതി ഓഗസ്റ്റ് 31, 2014 വരെയും കുടിശ്ശിക അടച്ചു തീർക്കാനുള്ള തീയതി ഡിസംബർ 31, 2014 വരെയും ആണ്. |

| | | | |
|---|---|---|---|
| ബി | ആംനസ്റ്റി പദ്ധതിയുടെ ലക്ഷ്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; | ബി | കേരള മൂല്യ വർദ്ധിത നികുതി നിലവിൽ വരുന്നതിനുമുമ്പുള്ള അതായത് 2004-05 സാമ്പത്തിക വർഷം വരെയുള്ള കെ.ജി.എസ്.ടി നിയമ പ്രകാരം പിരിച്ചെടുക്കാൻ കഴിയാത്ത നികുതി കുടിശ്ശികകൾ ചില ആകർഷകമായ ആനുകൂല്യങ്ങൾ നൽകി പരമാവധി പിരിച്ചെടുക്കുന്നതിന് വേണ്ടിയാണ് ഈ പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. |
| സി | ഏതു കാലാവധി വരെയാണ് പദ്ധതി നടപ്പിലാക്കിയത്; | സി | കെ.ജി.എസ്.ടി നിയമത്തിൻ കീഴിലുള്ള 31.03.2005 വരെയുള്ള കുടിശ്ശിക ഒടുക്കുന്നതിനാണ് ഈ പദ്ധതി നടപ്പിലാക്കിയത് |
| ഡി | പ്രസ്തുത പദ്ധതി പ്രകാരം എത്ര തുകയുടെ ഇളവുകളാണ് വ്യാപാരികൾക്കു നൽകിയതെന്ന് വ്യക്തമാക്കുമോ; | ഡി | ഈ പദ്ധതി പ്രകാരം പൊതുവില്പന നികുതി നിയമത്തിലെ 23B വകുപ്പു പ്രകാരം കുടിശ്ശികക്കാരന് താഴെപ്പറയുന്ന ഇളവുകളാണ് ലഭ്യമാകുന്നത്. |

- 1991 വരെയുള്ള കാലത്തേക്കുള്ള നികുതിയുടെ 75 ശതമാനം ഒടുക്കിയാൽ പലിശയും പിഴയും പൂർണ്ണമായും മുതലിന്റെ 25 ശതമാനവും ഒഴിവാകും.
- 1991-92 മുതൽ 1995-96 കാലത്തേക്കുള്ള നികുതിയുടെ 100 ശതമാനം ഒടുക്കിയാൽ പലിശയും പിഴയും പൂർണ്ണമായും ഒഴിവാകും.
- 1996-97 മുതൽ 1999-2000 വരെയുള്ള കാലത്തേക്കുള്ള നികുതിയുടെ 100 ശതമാനം ഒടുക്കിയാൽ പലിശ, പിഴ എന്നിവയുടെ 5 ശതമാനം വീതം മാത്രം ഒടുക്കിയാൽ മതിയാകും.
- 2000-01 മുതൽ 2004-05 കാലത്തേക്കുള്ള കുടിശ്ശികയുടെ പലിശ, പിഴ എന്നിവയുടെ 10 ശതമാനം വീതം നൽകിയാൽ മതിയാകും. നികുതിയുടെ 100 ശതമാനവും അടയ്ക്കേണ്ടതുണ്ട്.
- നികുതി മുഴുവനും അടച്ചുകഴിഞ്ഞ, പലിശ മാത്രം അടയ്ക്കാനുള്ള കേസുകളിൽ പലിശയുടെ 10 ശതമാനം തുക മാത്രം അടച്ചാൽ മതിയാകും.

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് കേരള പൊതു വില്പന

നികുതി നിയമത്തിലെ 23 BA വകുപ്പു പ്രകാരം പലിശയും പിഴയും പൂർണ്ണമായും ഒഴിവാകുന്നു. ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണെങ്കിൽ മുതലിന്റെ 50 ശതമാനത്തിൽ കുടിശ്ശിക തീർപ്പാക്കാവുന്നതാണ്. നഷ്ടത്തിൽ പ്രവർത്തിക്കുന്നവയാണെങ്കിൽ മുതലിന്റെ 25 ശതമാനം മാത്രം ഒടുക്കിയാൽ മതിയാകും.

കാർഷികാദായ നികുതി കുടിശ്ശികയുള്ളവർക്ക് കേരള കാർഷികാദായ നികുതി നിയമത്തിലെ 37 C വകുപ്പു പ്രകാരം താഴെപ്പറയുന്ന ആനുകൂല്യങ്ങളാണ് ലഭ്യമാകുക.

- 1991 വരെയുള്ള കാലത്തേക്കുള്ള നികുതിയുടെ 75 ശതമാനം ഒടുക്കിയാൽ പലിശയും പിഴയും പൂർണ്ണമായും മുതലിന്റെ 25 ശതമാനവും ഒഴിവാകും.
- 1991-92 മുതൽ 1995-96 കാലത്തേക്കുള്ള നികുതിയുടെ 100 ശതമാനം ഒടുക്കിയാൽ പലിശയും പിഴയും പൂർണ്ണമായും ഒഴിവാകും.
- 1996-97 മുതൽ 1999-2000 വരെയുള്ള കാലത്തേക്കുള്ള നികുതിയുടെ 100 ശതമാനം ഒടുക്കിയാൽ പലിശ, പിഴ എന്നിവയുടെ 5 ശതമാനം വീതം മാത്രം ഒടുക്കിയാൽ മതിയാകും.
- 2000-01 മുതൽ 2004-05 കാലത്തേക്കുള്ള കുടിശ്ശികയുടെ പലിശ, പിഴ എന്നിവയുടെ 10 ശതമാനം വീതം നൽകിയാൽ മതിയാകും. നികുതിയുടെ 100 ശതമാനവും അടയ്ക്കേണ്ടതുണ്ട്.

ഈ ആനുകൂല്യം ലഭിക്കുന്നതിന് നിലവിലുള്ള അപ്പീലോ മറ്റു കേസുകളോ പിൻവലിക്കേണ്ടതുണ്ട്.

| | | | |
|---|---|---|---|
| ഇ | പ്രസ്തുത പദ്ധതി പ്രകാരം എത്ര തുകയുടെ കുടിശ്ശിക പിരിച്ചെടുത്തുവെന്ന് വിശദമാക്കുമോ? | ഇ | പ്രസ്തുത പദ്ധതി പ്രകാരം 31.03.2014 വരെ 337.93 കോടി രൂപ കുടിശ്ശികയായി പിരിച്ചെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ